**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 903** **24-02-2022 - ൽ മറുപടിയ്ക്ക്**

**കൊമ്പുകുത്തി ട്രൈബൽ മേഖലയിലെ വന്യമൃഗശല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കോരുത്തോട് ഗ്രാമപഞ്ചായത്തിലെ കൊമ്പുകുത്തി ട്രൈബൽ മേഖലയിലേക്കുള്ള മട്ടക്ക-കൊമ്പുകുത്തി പി.ഡബ്ല്യൂ.ഡി. റോഡ് കടന്നുപോകുന്ന ഏകദേശം രണ്ട് കി.മീ.ദൂരത്തിലുള്ള വനപ്രദേശത്തെ വന്യമൃഗശല്യം മൂലം ഗതാഗതം അപകടകരമാണെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോട്ടയം ഡിവിഷന്റെ പരിധിയിൽ വരുന്ന ടി പ്രദേശങ്ങളിൽ വനപ്രദേശത്തുനിന്നും വന്യമൃഗങ്ങൾ രാത്രികാലങ്ങളിൽ റോഡിലേക്ക് ഇറങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുമൂലം അപകടങ്ങൾ ഉണ്ടായതായി റിപ്പോർട്ട് ചെയ്തിട്ടില്ല. |
| (ബി) | എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | അപകടങ്ങൾ ഒഴിവാക്കുന്നതിനായി കൊമ്പുകുത്തി മുതൽ മൈനാക്കുളം വരെയുള്ള റോഡിന്റെ ഇരുവശവും വനമേഖലയിൽ 10 മീറ്റർ വിസ്തൃതിയിൽ തദ്ദേശവാസികളുടെ സഹകരണത്തോടെ അടിക്കാടുകൾ വെട്ടിത്തെളിച്ച് വിസ്റ്റാ ക്ളിയറിംഗ് നടത്തിയിട്ടുള്ളതാണ്. കൂടാതെ രാത്രികാലങ്ങളിൽ ടി മേഖലകളിൽ പട്രോളിംഗ് ശക്തമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ